# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6322      03.04.2018-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ഭൂരഹിതരായ ആദിവാസികൾ

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.ഷാഫി പറമ്പിൽ :</td><td colspan="2">ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി)</td></tr>
<tr><td>എ)</td><td>അട്ടപ്പാടിയിൽ ഭൂരഹിതരായ ആദിവാസികളുണ്ടോ; എങ്കിൽ ഈ സർക്കാർ നിലവിൽ വന്നശേഷം അട്ടപ്പാടിയിലെ ഭൂരഹിതരുടെ ഭൂമി പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;</td><td>എ)</td><td>ഉണ്ട്. ഭൂരഹിതരായ ആദിവാസികൾക്ക് നിക്ഷിപ്ത വനഭൂമി നൽകുന്ന പദ്ധതി പ്രകാരം ലഭിച്ച 1359 അപേക്ഷകളിൽ ഈ സർക്കാരിന്റെ 1-ാം വാർഷികം പ്രമാണിച്ച് 517 പേർക്ക് 483 ഏക്കർ ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 842 പേർക്ക് സമയബന്ധിതമായി പട്ടയം അനുവദിച്ച് നൽകുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി സ്വീകരിക്കാൻ താല്പര്യമുള്ള ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ച് നൽകുന്നതിനുള്ള സർവ്വെ നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു.<br>വനാവകാശ നിയമം 2006 പ്രകാരം പട്ടിക വർഗ്ഗക്കാർക്ക് അർഹമായ ഭൂമിയിൽ കൈവശ രേഖ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ആദ്യഘട്ടം 282 പേർക്ക് കൈവശ രേഖ നൽകിയിട്ടുണ്ട്. രണ്ടാംഘട്ടം ലഭിച്ച 2167 അപേക്ഷകളിൽ 640 അപേക്ഷകളിൽ സർവ്വെ നടപടികൾ പുരോഗമിച്ചു വരുന്നു.</td></tr>
<tr><td>ബി)</td><td>ഇതിനായി അനുവദിച്ച തുകയെത്ര യെന്നും, ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ?</td><td>ബി)</td><td>വനാവകാശ നിയമം<table><tr><th>വർഷം</th><th>അനുവദിച്ച തുക</th><th>ചെലവഴിച്ച തുക</th></tr><tr><td>2016-17</td><td>8,00,000/-</td><td>8,00,000/-</td></tr><tr><td>2017-18</td><td>10,74,350/-</td><td>10,74,350/-</td></tr></table></td></tr>
</table>

ഭൂരഹിത ആദിവാസികൾക്ക് വനഭൂമി നൽകുന്ന പദ്ധതി

| വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 2017-18 | 66,15,000/- | 66,15,000/- (നിക്ഷിപ്ത വനഭൂമി നൽകിയ 42 പേർക്ക് ഭവന നിർമ്മാണത്തിനായി അനുവദിച്ച തുക) |
| | 43.08 ലക്ഷം | 43.08 ലക്ഷം (നിക്ഷിപ്ത വനഭൂമി സർവ്വെ ചെയ്യുന്നതിനായി ഒറ്റപ്പാലം സബ് കളക്ടർക്ക് അനുവദിച്ച തുക) |

സെക്ഷൻ ഓഫീസർ